## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു.
2. തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിൻറെ മാലിന്യം സംബന്ധിച്ച ചർച്ചയ്ക്കായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മറ്റെന്നാൾ അടിയന്തര യോഗം ചേരും.
3. ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് തടയാൻ കോർപറേഷൻ കർശന നടപടി സ്വീകരിക്കണമെന്ന് റെയിൽവെ.
4. സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചുവപ്പ് ജാഗ്രത. കോഴിക്കോട്, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.
5. മഴ തുടരുന്ന സാഹചര്യത്തിൽ മലയോര മേഖലകളിൽ രാത്രികാല യാത്ര നിരോധനം, കേരള, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ക്ഷേത്രങ്ങളിലും വീടുകളിലും രാമനാമം മുഴങ്ങുന്ന രാമായണ മാസാചരണത്തിന് തുടക്കമായി.

## പാർലമെന്റ് ബജറ്റ്- യോഗം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു. യോഗത്തിൽ

RNUTVPM

പാർലമെൻ്റിൻ്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം സർക്കാർ തേടും. ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. കേന്ദ്ര ബജറ്റ് ജൂലൈ 23ന് അവതരിപ്പിക്കും. മൂന്നാം നരേന്ദ്ര മോദി സർക്കാരിൻ്റെ ആദ്യ ബജറ്റാണിത്.

♦♦♦♦♦♦♦♦♦♦♦♦♦♦

## അടിയന്തിര യോഗം

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിന്റെ റെയിൽവേ സ്റ്റേഷനടിയിൽ കൂടി പോകുന്ന ഭാഗത്തെ മാലിന്യം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തര യോഗം വിളിച്ചു. മറ്റെന്നാൾ രാവിലെ ഓൺലൈനായാണ് യോഗം ചേരുക. തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, തൊഴിൽ, ഭക്ഷ്യം, കായികം-റെയിൽവേ, ആരോഗ്യം, ജലവിഭവം എന്നീ വകുപ്പ് മന്ത്രിമാരും ബന്ധപ്പെട്ട എംഎൽഎമാരും തിരുവനന്തപുരം മേയറും യോഗത്തിൽ പങ്കെടുക്കും.

♦♦♦♦♦♦♦♦♦♦♦♦♦♦

## ആമയിഴഞ്ചാൻ അപകടം - റെയിൽവെ

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യങ്ങൾ അടിഞ്ഞു കൂടുന്നത് തടയാൻ കോർപറേഷൻ കർശന നടപടി സ്വീകരിക്കണമെന്ന് റെയിൽവെ. സംസ്ഥാന ജലസേചന വകുപ്പിന് കീഴിലുള്ള കനാലിന്റെ മൊത്തം ദൈർഘ്യത്തിൻറെ ഒരു ശതമാനം മാത്രം വരുന്ന റെയിൽവേ യാർഡിന് അടിയിലൂടെ കടന്നുപോകുന്ന ഭാഗം വൃത്തിയാക്കുന്നതിന് റെയിൽവേ തയാറായത്, സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ്. കോർപ്പറേഷൻ പരിധിയിൽ അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതാണ് ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യങ്ങൾ കുന്നു കൂടാൻ കാരണം. കുറ്റക്കാരെ കണ്ടെത്തു ന്നതിനും പിഴ ചുമത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റെയിൽവെ ആവശ്യപ്പെട്ടു. ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്ന തിനിടയിൽ തൊഴിലാളി മരിച്ച സംഭവത്തിൽ ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

♦♦♦♦♦♦♦♦♦♦♦♦♦♦

RNJ TVPM

## കാലാവസ്ഥ-മഴ

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യത യുള്ളതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്ക ണമെന്ന് നിർദ്ദേശമുണ്ട്. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണ്ണമായി ഒഴിവാക്കണം.

## സ്കൂൾ അവധി

ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ കോഴിക്കോട്, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി നൽകി. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് അവധി നൽകിയിരിക്കുന്നത്. വയനാട് ജില്ലയിലെ എം.ആർ.എസ് സ്കൂളു കൾക്ക് അവധി ബാധകമല്ല.

RNU TVPM

## ഇടുക്കി -മഴ

ശക്തമായ മഴയിൽ ഇടുക്കി ജില്ലയുടെ വിവിധ ഇടങ്ങളിൽ മണ്ണിടിച്ചിലും മരം വീഴ്ച്ചയുമുണ്ടായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

(വോയ്സ്)

## കണ്ണൂർ - മഴ

കണ്ണൂർ ചൊക്ലിയിൽ വെള്ളക്കെട്ടിൽ വീണു ഒരാൾ മരിച്ചു. ശക്തമായ കാറ്റിൽ കണ്ണൂർ ജില്ലയിലെ പലയിടങ്ങളിലും മരങ്ങൾ പൊട്ടിവീണ് വൈദ്യുതി ലൈനുകൾക്കും തൂണുകൾക്കും കേടുപറ്റി. വൈദ്യുതി വിതരണം പുനസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ആദി

കടലായിയിൽ ഒട്ടേറെ മരങ്ങൾ കടപുഴകി. ചാല തോട് കര കവിഞ്ഞതിനെ തുടർന്ന് സമീപത്തെ വീടുകളിൽ വെള്ളം കയറി.

## ചിറ്റൂർ - പുഴയിൽ കുടുങ്ങിയത്

കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന പാലക്കാട്, ചിറ്റൂർ പുഴയിൽ കുടുങ്ങിയ നാലു പേരെ അഗ്നിശമന സേന രക്ഷപ്പെടുത്തി. മൂന്ന് പുരുഷന്മാരും ഒരു സ്ത്രീയുമാണ് പുഴയിൽ കുടുങ്ങിയത്.

## മരം കടപുഴകി വീണു

കോട്ടയം ജില്ലാ ജനറൽ ആശുപത്രിയുടെ മോർച്ചറി കെട്ടിടത്തിന് മുകളിലേക്ക് വൻമരം കടപുഴകി വീണു. കെട്ടിടം ഭാഗീകമായി തകർന്നു. മോർച്ചറിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതായി ആശുപത്രി അധികൃതർ അറിയിച്ചു. പോസ്റ്റുമാർട്ടം നടപടികളും നിർത്തി വച്ചു.

RNU TVPM

## കോട്ടയം-മഴ-നിരോധനം

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ കല്ല്, മാർമല അരുവി എന്നിവിടങ്ങളിലേക്കുള്ള പ്രവേശനം മറ്റെന്നാൾ വരെ നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി. ഈരാറ്റുപേട്ട - വാഗമൺ റോഡിൽ രാത്രികാല യാത്രയ്ക്കും നിരോധനം ഏർപ്പെടുത്തി. ജില്ലയിലെ എല്ലാ ഖനന പ്രവർത്തനങ്ങളും ഈ മാസം 25 വരെ നിർത്തിവയ്ക്കണമെന്നും നിർദ്ദേശമുണ്ട്.

## കെ.രാജൻ

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നുണ്ടെങ്കിലും നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും പ്രളയ ഭീതിയില്ലെന്നും മന്ത്രി കെ രാജൻ. സുരക്ഷാ നടപടിക്രമങ്ങൾ ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സ്ഥിതിഗതികൾ വിലിയിരുത്തുന്നതിനായി റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ യോഗം ചേർന്നു.

## പാലക്കാട്- യാത്രാ നിരോധനം

പാലക്കാട് ജില്ലയിലെ അട്ടപ്പാടി, പറമ്പിക്കുളം, നെല്ലിയാമ്പതി പ്രദേശങ്ങളിലേക്ക് ഇന്ന് മുതൽ ജൂലൈ 21 വരെ വൈകിട്ട് 6 മുതൽ രാവിലെ 6 വരെ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയതായി ജില്ല കലക്ടർ അറിയിച്ചു. വെള്ളച്ചാട്ടങ്ങൾ സന്ദർശിക്കുന്നതിലും നിയന്ത്രണമുണ്ട്.

## കേന്ദ്ര ജല കമ്മീഷൻ

നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര ജല കമ്മീഷൻ ഓറഞ്ച്, മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട ജില്ലയിലെ മണിമല, പമ്പ എന്നീ നദികളിൽ ഓറഞ്ച് ജാഗ്രതയാണ്. അച്ചൻകോവിൽ, കോട്ടയം ജില്ലയിലെ മണിമല, ഇടുക്കി ജില്ലയിലെ തൊടുപുഴ എന്നീ നദികളിൽ മഞ്ഞജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

## ഷോക്കേറ്റ് മരിച്ചു

വയനാട് പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് യുവാവ് മരിച്ചു. ചീയമ്പം 73 കോളനിയിലെ സുധൻ ആണ് മരിച്ചത്. വീട്ടിൽ നിന്ന് വയൽ വഴി നടന്നുവരവെ ഷോക്കേൽക്കുകയായിരുന്നു.

## നാവികസേന - അന്തർവാഹിനി

നാവികസേനയുടെ അന്തർവാഹിനിയെ പൊളിച്ചു മാറ്റുന്നതിന് കണ്ണൂർ അഴീക്കലിലെത്തിച്ചു. 2022 ജൂലൈ 16ന് ഡികമ്മീഷൻ ചെയ്ത അന്തർവാഹിനി ഐ.എൻ. എസ് സിന്ധുധ്വജ് ആണ് പൊളിക്കുന്നതിനായി ലഭിച്ചതെന്ന് Steel Industries kerala Ltd. ചെയർമാർ അറിയിച്ചു. ആറു മാസം കൊണ്ട് പൊളിക്കൽ നടപടികൾ പൂർത്തിയാക്കും.

## രാമായണ മാസം (ഇൻട്രോ)

ഇനി രാമായണ ശീലുകളുടെ മുപ്പത് നാൾ. ക്ഷേത്രങ്ങളിലും വീടുകളിലും ഇന്ന് രാമനാമ ധ്വനി മുഴങ്ങുന്ന രാമായണ മാസത്തിന് തുടക്കമായി.

രാമനാമം ജപിക്കുന്നത് ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും മനുഷ്യരെ മോക്ഷപ്രാപ്തിക്ക് അർഹരാക്കുകയും ചെയ്യുമെന്നാണ് വിശ്വാസം.

(വോയ്സ്)

## ആനയൂട്ട്

തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ ആനയൂട്ട് നടന്നു. രാമായണമാസാചരണത്തോടെ അനുബന്ധിച്ച് ആയിരങ്ങളാണ് ഗജവീരന്മാരെ വരവേൽക്കാൻ ക്ഷേത്രത്തിലെത്തിയത്.

## മുഹറം

സംസ്ഥാനത്ത് മുഹറം 10 നാളെ. മാസപ്പിറവി കണ്ടത് പ്രകാരമാണ് മുഹറം 10 നാളെ ആചരിക്കുന്നത്.

## ലിഫ്റ്റിൽ കുടുങ്ങി

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയ രോഗി തകരാറിലായ ലിഫ്റ്റിനുള്ളിൽ 42 മണിക്കൂർ കുടുങ്ങിയ സംഭവത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. 15 ദിവസത്തിനകം മെഡിക്കൽ കോളേജ് സൂപ്രണ്ട് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

RNU TVPM